2017-ലെ സി.വി. കുഞ്ഞുരാമൻ സാഹിത്യ പുരസ്കാരം നേടിയ

ശ്രീ പുനത്തിൽ കുഞ്ഞബ്ദുള്ളയ്ക്ക് സമർപ്പിക്കുന്ന

# പ്രശസ്തിപത്രം

മലയാളത്തിലെ പ്രമുഖനായ കഥാകാരൻ, നോവലിസ്റ്റ് എന്നീ നിലകളിൽ സർവാദരണീയമായ വ്യക്തിത്വമാണ് പുനത്തിൽ കുഞ്ഞബ്ദുള്ള. നമ്മുടെ കഥാസാഹിത്യം നവോത്ഥാന പ്രസ്ഥാനത്തെ പിന്തുടർന്ന് ആധുനികതയിലേക്കു കടക്കുന്ന കാലഘട്ടത്തെ സമ്പന്നമാക്കിയ പ്രതിഭാശാലികളായ ഒരു സംഘം എഴുത്തുകാരുണ്ട്. അക്കൂട്ടത്തിൽ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ സ്ഥാനം ശ്രദ്ധേയമാകുന്നു. ഒരു പുതിയ പ്രസ്ഥാനത്തിന്റെ പ്രാദുർഭാവം വിളിച്ചറിയിച്ച ആ എഴുത്തുകാരെ കൂട്ടിയിണക്കിയ ദാർശനികസമാനത അന്നു ശ്രദ്ധിക്കപ്പെട്ടു. അതേ സമയം പ്രമേയങ്ങളിലും രചനാതന്ത്രങ്ങളിലും ഓരോരുത്തരും വേറിട്ടുനിൽക്കുകയും ചെയ്യുന്നു. ആ നിലയ്ക്കും കുഞ്ഞബ്ദുള്ള കാലേ തിരിച്ചറിയപ്പെടുകയുണ്ടായി.

നോവലുകളും കഥാസമാഹാരങ്ങളും ഉൾപ്പെടെ നാല്പതിൽപ്പരം കൃതികളുടെ കർത്താവാണ് പുനത്തിൽ കുഞ്ഞബ്ദുള്ള. കുഞ്ഞബ്ദുള്ളയുടെ ആദ്യ രചനകളിൽപെടുന്ന 'മലമുകളിലെ അബ്ദുള്ള'യെ കേരള സാഹിത്യഅക്കാദമിയും 'സ്മാരകശിലക'ളെ കേന്ദ്ര സാഹിത്യഅക്കാദമിയും അവാർഡുകൾ നൽകി ആദരിച്ചിട്ടുണ്ട്. അതിനുമപ്പുറം കൃതികളുടെ സർഗാത്മകതയാണ് കുഞ്ഞബ്ദുള്ളയെ മലയാളത്തിലെ ഉന്നത ശീർഷനായ ഒരു എഴുത്തുകാരനായി അംഗീകരിക്കുവാൻ വായനാസമൂഹത്തിനു പ്രേരണയായിട്ടുള്ളത്. സമൂഹത്തിന്റെ വിശാലതയിൽ വിഹരിക്കുന്നതിനെക്കാൾ ചെറിയ വിഭാഗങ്ങളുടെ വിശേഷാന്തരീക്ഷത്തിൽ അഭിരമിക്കുക വഴി പുനത്തിലിന്റെ കഥാന്തരീക്ഷത്തിന് പ്രത്യേകമായൊരു ജീവനശൈലിയുടെ അയവും പിരിമുറുക്കവുമുണ്ട്. മലബാറിലെ മുസ്ലീം സമുദായത്തിൽ വേരുകളുള്ള എണ്ണമറ്റ മിത്തുകൾ ആ കഥകൾക്കു ജീവശ്വാസവും ചൈതന്യവും പ്രദാനം ചെയ്യുന്നു. ജിന്നുകളുടെയും മലക്കുകളുടെയും ആ മാസ്മരിക ലോകത്തിൽ അനുവാചകർക്ക് വേറിട്ടൊരു വായനാനുഭവമാണ് ലഭിക്കുന്നത്. നവഗ്രഹങ്ങളുടെ തടവറ, ദുഃഖിതർക്ക് ഒരു പൂമരം, കന്യാവനങ്ങൾ തുടങ്ങി ദൃഷ്ടാന്തങ്ങൾക്ക് കുറവേതുമില്ല.

ആധുനികതയെയും പിന്നിട്ട് മലയാള കഥാസാഹിത്യം മുന്നേറിക്കൊണ്ടിരിക്കുമ്പോൾ, നോക്കി നിൽക്കുകയല്ല അതിൽ നേരിട്ടു പങ്കാളിയാവുകയാണ് പുനത്തിൽ കുഞ്ഞബ്ദുള്ള ചെയ്യുന്നത്. ആ നിലപാടിനെയും ദൃഢനിശ്ചയത്തെയും സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷൻ ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

കേരളകൗമുദി സ്ഥാപകനും പത്രാധിപശ്രേഷ്ഠനും നവോത്ഥാനനായകനും കവിയും ശൈലീവല്ലഭനായ ഗദ്യകാരനുമായിരുന്ന സി.വി. കുഞ്ഞുരാമന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള സാഹിത്യപുരസ്കാരം സ്നേഹപൂർവ്വം പുനത്തിൽ കുഞ്ഞബ്ദുള്ളയ്ക്ക് സമർപ്പിക്കുന്നു. എഴുത്തുവഴിയിൽ പുനത്തിൽ കുഞ്ഞബ്ദുള്ളയ്ക്ക് ഇനിയും ബഹുദൂരം മുന്നേറുവാനും വലിയ നേട്ടങ്ങൾ കൈവരിക്കുവാനും കഴിയട്ടെ എന്നാശംസിക്കുന്നു.

എം. മുകുന്ദൻ
അദ്ധ്യക്ഷൻ

ഹാഷിം രാജൻ
കാര്യദർശി

**സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷൻ**
**തിരുവനന്തപുരം**
10-04-2017